Lalith Babu

**അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരം ഫോട്ടോകോപ്പി എടുത്തു നൽകാൻ ഓഫീസിൽ ഫണ്ട് ഇല്ലാത്തതിനാൽ രേഖകൾ നേരിട്ട് പരിശോധിക്കുവാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകനോട് ആവശ്യപ്പെട്ട നടപടി വിവരാവകാശ കമ്മീഷൻ അംഗീകരിച്ചു**

അപ്പീൽവാദി ആവശ്യപ്പെട്ട, ലൈസൻസ നൽകിയിട്ടുള്ളവരുടെ പേരും, അഡ്രസ്സും മൂന്നു രജിസ്റ്ററിലായിട്ടാണുള്ളതെന്നും, അത് ആയിരക്കണക്കിന് പേജ് വരുന്നതാണെന്നും അതുകൊണ്ട് അവയുടെ പകർപ്പെടുത്ത് നൽകുന്നതിന് വളരെയധികം ധനം ചെലവഴിക്കേണ്ടി വരുന്നതുകൊണ്ടും, ബുദ്ധിമുട്ടുള്ളതുകൊണ്ടും രേഖകൾ ഓഫീസിൽ വന്ന് പരിശോധിച്ച് ആവശ്യമുള്ള പകർപ്പ് എടുക്കാൻ അപ്പീൽവാദിയോട് പറഞ്ഞുവെന്നും, എന്നാൽ അപ്പീൽവാദി അതു ചെയ്തില്ല എന്നും പബ്ലിക് ഇൻഫർമേഷൻ ഓഫിസർ മൊഴി നൽകി. കൂടാതെ മൂന്നു രജിസ്റ്ററുകളും കമ്മീഷനു മുമ്പിൽ ഹാജരാക്കി.

9. ഈ കേസിൽ അപ്പീൽവാദി ആവശ്യപ്പെട്ട ലൈസൻസ് നൽകിയിട്ടുള്ളവരുടെ പേരും, അഡ്രസ്സും അടങ്ങുന്ന മൂന്നു രജിസ്റ്ററുകളുടെ പകർപ്പ് അപ്പീൽവാദിക്ക് നൽകുകയാണെങ്കിൽ അതിന് വളരെയധികം ചെലവ് അപ്പീൽവാദി വഹിക്കേണ്ടി വരും എന്നു കമ്മീഷൻ കാണുന്നു. അതുകൊണ്ട് ആ രീതിയിൽ ഒരു വിവരം നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കഴിയുന്നില്ല.

10. അതുകൊണ്ട് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിർദ്ദേശിച്ച പ്രകാരം **ഇന്നു മുതൽ ഏഴു ദിവസത്തിനകം** അപ്പീൽവാദിക്കും പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും സൗകര്യപ്രദമായ ഒരു ദിവസത്തിലും, സമയത്തിലും അപ്പീൽവാദിക്ക് ജില്ലാ ജിയോളജി ഓഫീസിൽ ചെന്ന് ആവശ്യപ്പെട്ട വിവരങ്ങളിൽ 4, 5 ഇനങ്ങൾക്കുള്ള വിവരം രജിസ്റ്ററുകൾ പരിശോധിച്ച് ആവശ്യമായ രേഖകളുടെ ഫോട്ടോകോപ്പി എടുക്കാവുന്നതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു. അതിന് നിർദ്ദിഷ്ട ഫീസ് നൽകുകയും വേണം.

11. ഈ അപ്പീൽ ഇപ്രകാരം തീർപ്പു കൽപ്പിക്കുന്നു.

ഇന്നേ ദിവസം 2010 ജനുവരി മാസം 20-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.